പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1834 10.02.2020-ൽ മറുപടിയ്ക്ക്

## ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് കം ഡ്രൈവർ കോച്ചിംങ് സെന്റർ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന് കീഴിൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് കം ഡ്രൈവർ കോച്ചിംങ് സെന്റർ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത് എവിടെയാണെന്നും, അതിനായുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | സ്ഥലം ഏറ്റെടുത്തിട്ടില്ല. മലപ്പുറം ജില്ലയിലെ ഇൻകെൽ എന്ന സ്ഥാപനത്തിന്റെ ഒഴിഞ്ഞ് കിടക്കുന്ന 30 ഏക്കർ സ്ഥലം പ്രസ്തുത ആവശ്യത്തിലേക്കായി ലീസ് തുക ഒഴിവാക്കി മോട്ടോർ വാഹന വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്ന വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ എന്തൊക്കെ ആധുനിക സൗകര്യങ്ങളാണ് ഒരുക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | നൂതന ഇലക്ട്രോണിക് ക്ലാസ് മുറികൾ, തിയറി ട്രെയിനിംഗ് ക്ലാസ് റൂമുകൾ, ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക്, വാഹന യാർഡ്, ഗ്യാരേജ് പാർക്കിംഗ്, പാരലൽ പാർക്കിംഗ് യു.എ.ഇ. മോഡൽ യു.ടേൺ, റൗണ്ട് എബൗട്ട്, 6 ട്രാക്ക് ലൈൻ, സിഗ്നൽ ലൈറ്റ്, സിമുലേറ്റർ പരിശീലനം, ലെഫ്റ്റ് ഹാൻഡ് ഡ്രൈവിന് അനുയോജ്യമായ വാഹനങ്ങൾ തുടങ്ങി ആധുനിക സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>G.O.(Rt) No.24/2020/Tran dated 21.01.2020 പ്രകാരം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 5055-00-50-98 എന്ന ഹെഡിൽ ആകെ 35.42 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത് [ഇതിൽ 14.22 കോടി രൂപ 2019-20 പ്ലാൻ ഫണ്ടിൽ നിന്നും, 21.20 കോടി രൂപ 2020-21 പ്ലാൻ ഫണ്ടിൽ നിന്നുമാണ്.] |

സെക്ഷൻ ഓഫീസർ